പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1883 07.03.2018 -ൽ മറുപടിക്ക്.

## ഹോട്ടൽ ഭക്ഷണത്തിന് ഏകീകൃത വില

ചോദ്യം

**ശ്രീ.ആന്റണി ജോൺ**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിത വില ഈടാക്കുന്നതിൽ യാതൊരു നിയന്ത്രണവും നിലവിലില്ലാത്ത സ്ഥിതി പരിഹരിക്കുന്നതിന് പുതിയ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അമിത വില ഈടാക്കുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിച്ച് വരുന്നത് ;

(സി) ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഓരോ ഇനത്തിനും ഏകീകൃതമായ വില നിലവാരം നിശ്ചയിക്കുമോ; ഈ കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

(എ), (ബി) & (സി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിലവിലെ നിയമമനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വില വിവര പട്ടിക പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്. നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് നിയമ സാധുത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നും പരിശോധനയിൽ നിന്നും മനസ്സിലായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ